LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ വിമാനയാത്ര

9 [9] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരും മറ്റും വിമാനയാത്ര ചെയ്യുമ്പോൾ ഇക്കോണമി ക്ലാസിൽ മാത്രമേ യാത്ര ചെയ്യാവൂ എന്ന നിർദ്ദേശം എന്നുമുതലാണ് സർക്കാർ നടപ്പിലാക്കിയത്;

(ബി) ഈ നിർദ്ദേശം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് പിൻവലിച്ചതെന്നാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഈ നിർദ്ദേശം നിലവിലുള്ളപ്പോൾ ഏതെങ്കിലും മന്ത്രിയോ ഉദ്യോഗസ്ഥരോ സർക്കാർ ചെലവിൽ എക്സിക്യൂട്ടീവ് ക്ലാസിൽ യാത്ര ചെയ്തിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഏത് ക്ലാസിലാണ് വിമാനയാത്ര നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-8-2001 മുതൽ.

(ബി) നിലവിലില്ല. വ്യയനിയന്ത്രണ ഇളവുകളുടെ ഭാഗമായി 13-10-2003 മുതൽ പിൻവലിച്ചിട്ടുണ്ട്.

(സി) ഈ നിർദ്ദേശം നിലവിലുള്ളപ്പോൾ മന്ത്രിമാരും ഉദ്യോഗസ്ഥരും ഇക്കോണമി ക്ലാസ്സിലാണ് യാത്ര ചെയ്തിരുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിമാരുടെ വിദേശപര്യടനവും അനുബന്ധ ചെലവുകളും

10 [10] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) വിദേശപര്യടനത്തിനായി ഓരോ അംഗത്തിനുംവേണ്ടി ചെലഴിച്ച തുക എത്ര വീതമാണ്;

(സി) ഓരോ മന്ത്രിമാരേയും പ്രതിനിധീകരിച്ച് ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ് വിദേശപര്യടനം നടത്തിയിട്ടുള്ളത്;

(ഡി) ഉദ്യോഗസ്ഥന്മാർക്കായി എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ഇ) ഏതെല്ലാം രാജ്യങ്ങൾ മന്ത്രിമാർ സന്ദർശിച്ചു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) വിദേശയാത്ര നടത്തിയ ഓരോ മന്ത്രിയും എന്തിനുവേണ്ടിയാണ് യാത്ര നടത്തിയയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശപര്യടനം നടത്തിയ മന്ത്രിമാരുടെ പേരുവിവരം †അനുബന്ധം (എ)യിൽ ചേർത്തിട്ടുണ്ട്

(ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ & എഫ്) †അനുബന്ധം (ബി)യിൽ ചേർത്തിട്ടുണ്ട്.

വനം വകുപ്പു മന്ത്രിയുടെ ചെന്നൈ യാത്രകൾ

11 [11] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ചെന്നൈയിലേക്ക് എത്ര തവണ യാത്ര നടത്തിയിട്ടുണ്ട്;

(ബി) ഈ യാത്രകൾക്കായി സർക്കാർ ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട വനം വകുപ്പ്മന്ത്രി ചെന്നൈയിലേക്ക് 13 തവണ യാത്ര നടത്തിയിട്ടുണ്ട്.

(ബി) 1,03,885 രൂപ ചെലവഴിച്ചു.

മന്ത്രിമാരുടെ ടെലിഫോൺ ചാർജ്ജ്

12 [12] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടി. എ., ഡി.എ. ഇനത്തിൽ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly